**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **14-09-2023 - ൽ മറുപടിയ്ക്ക്**

**കർഷകന്റെ വാഴ വെട്ടിയ സംഭവത്തിൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ കാവുംപുറത്ത് തോമസിന്റെ സ്ഥലത്ത് കൃഷി ചെയ്തിരുന്ന ഒൻപത് മാസം വളർച്ചയുള്ള കുലവാഴകൾ കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥർ വെട്ടി നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംഭവത്തിൽ അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | സംഭവത്തിൽ ട്രാൻസ്മിഷൻ ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി ബന്ധപ്പെട്ടവരോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. |
| (സി) | കർഷകന് നഷ്ട പരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കർഷകന് ഉണ്ടായിട്ടുള്ള നഷ്ടം കണക്കിലെടുത്ത് മാനുഷികമായ പരിഗണന നൽകി ആശ്വാസ ധനം എന്ന നിലയിൽ 3.5 ലക്ഷം രൂപ 17/08/2023 തീയതിയിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ